# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഏപ്രിൽ 22

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഏപ്രിൽ 23 മുതൽ നടത്താനിരുന്ന എം.ഫിൽ (2019-20) ബാച്ചിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ മാറ്റിവച്ചു.

(പി.ആർ.ഒ/39/468/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-23 അധ്യയനവർഷം എം.ടെക് ഇൻ എനർജി സയൻസ് പ്രോഗ്രാമിൽ ഓപ്പൺ ക്വാട്ടയിൽ മൂന്നും, എം.ടെക് ഇൻ നാനോസയൻസ് ആന്റ് നാനോ ടെക് നോളജി പ്രോഗ്രാമിലേക്ക് ഓപ്പൺ ക്വാട്ടയിൽ അഞ്ചും സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി ഏപ്രിൽ 30ന് വൈകീട്ട് നാലിനകം സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന എ.ഡി. എ11 സെക്ഷനിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731001.

(പി.ആർ.ഒ/39/469/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-2023 അധ്യയനവർഷം എം.എസ് സി. നാനോസയൻസ് ആന്റ് ടെക്നോളജി (കെമിസ്ട്രി) പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി ഏപ്രിൽ 30ന് രാവിലെ 11ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി. എ11 സെക്ഷനിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731001.

(പി.ആർ.ഒ/39/470/2021)

## പരീക്ഷഫലം

2020 നവംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം) റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/471/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ) എം.എസ് സി. ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് നാലുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/472/2021)

## ഗവേഷണസ്ഥാപനങ്ങളെ ഇൻഡസ്ട്രിയുമായി ബന്ധിപ്പിക്കുന്ന നോഡൽ സ്ഥാപനങ്ങളായി ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ

യു.ജി.സി. സ്ട്രൈഡിന്റെയും മാന്നാനം കെ.ഇ. കോളേജിന്റെയും ആഭിമുഖ്യത്തിൽ ഏപ്രിൽ 15 മുതൽ 21 വരെ 'ഇന്നൊവേഷൻ ആന്റ് ഓൺട്രപ്രനേർഷിപ്പ്' എന്നവിഷയത്തിൽ ഫാക്കൽറ്റി ഡെവലപ് മെന്റ് പ്രോഗ്രാം നടത്തി. എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുകയും നിരവധി ദേശീയ അന്തർദേശീയ പ്രഗത്ഭർ വിഷയങ്ങൾ അവതരിപ്പിക്കുകയും നൂറിലധികം അധ്യാപകരുമായി സംവദിക്കുകയും ചെയ്തു.

'ഇൻഡസ്ട്രിയിലെ പ്രശ്നങ്ങൾ നേരിടുന്ന ഏരിയാകളെ കണ്ടെത്തി അവയ്ക്ക് പരിഹാരം

സാധാരണ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ഇൻകുബേഷൻ സെന്ററുകൾ, ഇന്ത്യയിലെ പ്രധാന ഗവേഷണ സ്ഥാപനങ്ങളായി വർത്തിക്കണം. വിദ്യാർഥികളുടെ അവസാന സെമസ്റ്ററിനെ നിർബന്ധമായുള്ള സ്മാർട്ട് സൊല്യൂഷൻ സെമസ്റ്റർ ആക്കുകയും വിവിധ വിഷയങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ ഒരുമിച്ച് ചേർന്ന് ഈ സെമസ്റ്ററിൽ ഒരു ഇൻഡസ്ട്രി പ്രശ്നത്തിന് പരിഹാരം കാണുന്ന പഠനം നടത്തുകയും ചെയ്യണം' തുടങ്ങിയ ആശയങ്ങൾ ഡോ. സന്ദീപ് ഉണ്ണികൃഷ്ണൻ (പ്രോഗ്രാം മാനേജർ, ടി.എൻ.ഒ., ഹോൾസ്റ്റ് സെന്റർ, നെതർലാൻഡ്സ്), ഡോ. പ്രമോ അഗർവാൾ (ഡയറക്ടർ, സി.ഇ.ഒ., ഇക്കോലാബ്സ്, നെതർലാൻഡ്) എന്നീ പ്രമുഖർ പങ്കുവച്ചു.

ഡോ. നഗേന്ദ്രപ്രഭു (അസോ. പ്രൊഫസർ, എസ്.ഡി. കോളേജ് ആലപ്പുഴ), കൃഷ്ണകുമാർ (പ്രൊജക്ട് ലീഡർ, കേരള സ്റ്റാർട്ടപ്പ് മിഷൻ), വിനയകുമാർ ബാലകൃഷ്ണൻ (സീനിയർ മാനേജ്മെന്റ് പ്രൊഫഷണൽ, സംരംഭകൻ), എം. ഫാസിൽ (ഇൻകുബേഷൻ മാനേജർ, കേരള സ്റ്റാർട്ടപ്പ് മിഷൻ), ഡോ. മഞ്ജുള എം. (രജിസ്ട്രേഡ് പേറ്റന്റ് അറ്റോർണി, തമിഴ്നാട്), ഡോ. ചന്ദന സി. (ടി.ബി.ഐ. മാനേജർ, ഇൻകുബേഷൻ സെന്റർ, എം.ജി. യൂണിവേഴ്സിറ്റി), ഡോ. നിബു എ. ജോർജ് (അസി. പ്രൊഫസർ, ബസേലിയസ് കോളേജ്, കോട്ടയം), പ്രീതി എം. (സി.ഇ.ഒ., ടി.ബി.ഐ., എൻ.ഐ.ടി, കോഴിക്കോട്), ഡോ. സാവിയോ സെബാസ്റ്റ്യൻ (റിട്ട. സയന്റിസ്റ്റ്, ഐ.എസ്.ആർ.ഒ.) തുടങ്ങിയ പ്രമുഖർ ഈ പ്രോഗ്രാമിൽ വിഷയങ്ങൾ അവതരിപ്പിക്കുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഡോ. അഭിലാഷ് ബാബു (സ്ട്രൈഡ്, എം.ജി. യൂണിവേഴ്സിറ്റി), ഡോ. മേഴ്സി മാത്യൂസ്, ശ്രീമതി ദിവ്യ ജോസഫ് (ഐ.ഇ.ഡി.സി. നോഡൽ ഓഫീസേഴ്സ്, കെ.ഇ. കോളേജ്) എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ പ്രോഗ്രാം എല്ലാ അധ്യാപകർക്കും അത്യധികം പ്രചോദനമാവുകയും വിദ്യാർഥികളിൽ സംരംഭകചിന്ത വളർത്തിക്കൊണ്ടുവരാൻ പ്രേരകമാകുകയും ചെയ്തു എന്ന് ഡോ. പി.ടി. ബാബുരാജ് (ഡയറക്ടർ, കോളേജ് ഡെവലപ്മെന്റ് കൗൺസിൽ, എം.ജി. യൂണിവേഴ്സിറ്റി) അഭിപ്രായപ്പെട്ടു.

(പി.ആർ.ഒ/39/473/2021)

**നജീബ് എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)